ഉത്തരം

(എ) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിൽ 14 ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികകൾ ഉണ്ട്.

(ബി) ഈ തസ്തികയിൽ ഇപ്പോൾ 10 പേർ ജോലി ചെയ്യുന്നു. പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന അടുത്ത കാലത്ത് നിയമിക്കപ്പെട്ട 3 ഇൻസ്പെക്ടർമാർ 'ഇൻസർവ്വീസ് ' പരിശീലനത്തിലാണ്.

(സി) 1 (ഒന്ന്). ഈ ഒഴിവ് 'ഡയിംഗ് ഇൻ ഹാർനസ്' പദ്ധതി പ്രകാരം നിയമം നടത്താൻ നീക്കിവച്ചിരിക്കുകയാണ്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡിപ്പാർട്ടുമെന്റിലെ യു. ഡി. ക്ളാർക്കുമാർ

53 [1358] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ സർവ്വീസസ് ഡിപ്പാർട്ടുമെന്റ് രൂപീകരിച്ചത് എന്നാണ്;

(ബി) ആരോഗ്യവകുപ്പ് വിഭജിച്ച് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡിപ്പാർട്ടുമെന്റ് രൂപീകരിച്ച സമയത്ത് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡിപ്പാർട്ടുമെന്റിൽ എത്ര യു. ഡി. ക്ളാർക്കുമാർ ഉണ്ടായിരുന്നു;

(സി) ഡിപ്പാർട്ടുമെന്റ് വിഭജനത്തെ തുടർന്ന് എത്ര യു. ഡി. ക്ളാർക്കുമാർ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡിപ്പാർട്ടുമെന്റിലേക്ക് ഓപ്ഷൻ നൽകി;

(ഡി) മാതൃ ഡിപ്പാർട്ടുമെന്റായ ആരോഗ്യവകുപ്പിലേക്ക് ഇൻഷ്വറൻസ് മെഡിക്കൽ സ്ഥാപനങ്ങളിൽ വർക്ക് ചെയ്തിരുന്ന എത്ര യു. ഡി. ക്ളാർക്കുമാരെ അബ്സോർബ് ചെയ്തിട്ടുണ്ട്;

(ഇ) ആരോഗ്യവകുപ്പിലേക്ക് യു. ഡി. ക്ളാർക്കുമാരെ അബ്സോർബ് ചെയ്തതിന്റെ ഫലമായി ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസിൽ ഉണ്ടായ ഒഴിവുകളിൽ പ്രസ്തുത ഡിപ്പാർട്ടുമെന്റിലെ അർഹരായ എൽ. ഡി. ക്ളാർക്കുമാർക്ക് പ്രമോഷൻ നൽകിയിട്ടുണ്ടോ;

(എഫ്) മെഡിക്കൽ ഇൻഷ്വറൻസ് ഡയറക്ടറുടെ ശുപാർശ പ്രകാരം ഡിപ്പാർട്ടുമെന്റിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഡയറക്ടർ ഓഫ് മെഡിക്കൽ ഇൻഷ്വറൻസ് സർക്കാരിലേക്ക് അയച്ച മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡിപ്പാർട്ടുമെന്റ് 1-4-1985-ൽ രൂപീകരിച്ചു.

(ബി) 100 (നൂറ്) യു. ഡി. ക്ളാർക്കുമാർ ഉണ്ടായിരുന്നു.

(സി) 55 (അൻപത്തഞ്ച്) പേർ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഓപ്റ്റു ചെയ്തു.

(ഡി) 45 പേരെ.

(ഇ) ഉണ്ട്.

(എഫ്, ജി) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് സർക്കാർ അനുമതി നൽകുകയും അതുപ്രകാരം ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

വാഹനാപകടങ്ങൾ വർദ്ധിക്കുന്നതു തടയാൻ ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾ നിശ്ചയിച്ച് പെർമിറ്റ് നൽകുവാൻ നടപടി

54 [1361] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വാഹന ബാഹുല്യവും ഗതാഗത കുരുക്കും അപകടങ്ങളും സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) വിവിധ ഇനം വാഹനങ്ങൾക്ക് യഥാർത്ഥ ആവശ്യകത പരിഗണിച്ചാണോ പെർമിറ്റ് നൽകുന്നത്;

(ഡി) സ്വകാര്യ വാഹനങ്ങൾ, സർവ്വീസ് ബസ്സുകൾ, ടാക്സി കാർ, ജീപ്പ്, ആട്ടോറിക്ഷ, ചരക്കുവണ്ടികൾ മുതലായവ ക്രമാതീതമായി വർദ്ധിക്കുന്നതു തടയാൻ ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾ നിശ്ചയിച്ച് മാത്രം പെർമിറ്റ് നൽകുവാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly